DESPATCHED
On. 29/10/21........

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

**ഹർജി നമ്പർ എ.പി. 1644(3)/2020/എസ്.ഐ.സി.**
**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടി ക്രമം**
**തീയതി - 18.10.2021**

**സന്നിഹിതൻ**
ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ.ജോർജ്ജ് തോമസ്
പുത്തൻവീട്ടിൽ (വീട്)
പാളയം പറമ്പ് പി.ഒ.
വൈന്തല, തൃശ്ശൂർ 680 741 } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
കാലടി പോസ്റ്റ്, എറണാകുളം 683 574

2) അപ്പീൽ അധികാരി &
രജിസ്ട്രാർ
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
കാലടി പോസ്റ്റ്, എറണാകുളം 683 574 } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 10.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 08.10.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07.11.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16.11.2020 |

18.10.2021 ന് അന്തിമപരിഗണനയ്ക്കായി കമ്മീഷൻ മുമ്പാകെ വന്ന ഈ അപ്പീൽ ഹർജിയിൽ ഇരുകൂട്ടരുടേയും മൊഴികളും, സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെപ്പറയും പ്രകാരം തീർപ്പാക്കുന്നു.

2. ശ്രീ.ജോർജ്ജ് തോമസ്, കാലടി ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാലയിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ.)ക്ക് 02.07.2020 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 3-)മത്തെ ചോദ്യത്തിൽകൂടി ആവശ്യപ്പെട്ട വിവരം എസ്.പി.ഐ.ഒ.യുടേയും ഒന്നാം അപ്പീൽ അധികാരിയുടേയും മറുപടിയിൽകൂടെ ലഭിച്ചില്ല

എന്നാണ് ഈ അപ്പീൽ ഹർജിയിലെ ആരോപണം. ടിയാന്റെ വിവരാവകാശ അപേക്ഷയിലെ മൂന്നാമത്തെ ചോദ്യത്തിൽക്കൂടി ആവശ്യപ്പെട്ട, ടി സർവ്വകലാശാലയിലെ 05.03.2019 ലെ A.D.B./9814/S.S.U.S./2017(Sub File No.2)എന്ന ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സി.സി.ടി.വി.ദൃശ്യങ്ങളുടെ പകർപ്പ് ലഭ്യമാക്കണമെന്നാണ് ഈ അപ്പീൽ ഹർജിയിൽ ഹർജിക്കാരന്റെ ആവശ്യം.

3. കാലടി സംസ്കൃത സർവ്വകലാശാലയിലെ ജീവനക്കാരനായ ഹർജിക്കാരൻ പങ്കെടുത്ത ഒരു പ്രതിഷേധത്തിനിടയിൽ ടി സർവ്വകലാശാലയിലെ ഒരു അധ്യാപികയെ തടയുകയും, അവർക്ക് പരിക്കുപറ്റാൻ ഇടയാകുകയും ചെയ്തതുകാരണം അവരുടെ പരാതിയിന്മേൽ സർവ്വകലാശാലയിലെ "The Sexual Harassment of Women at Workplace (Prevention, Prohibition and Redressal)" Act 2013, Section 4 പ്രകാരം രൂപീകരിച്ചിട്ടുള്ള കംപ്ലയിന്റ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം നം.308/2019 എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നാണ് എസ്.പി.ഐ.ഒ. കമ്മീഷനിൽ ബോധിപ്പിച്ചത്.

4. "The Sexual Harassment of Women at Workplace (Prevention, Prohibition and Redressal)" Act 2013 ലെ 16-)0 വകുപ്പ് പ്രകാരം അത്തരം കേസ്സുകളിലെ പരാതിക്കാരിയെ തിരിച്ചറിയാൻ ഉതകുന്നവിധത്തിലുള്ള യാതൊരു വിവരങ്ങളും വെളിപ്പെടുത്തുവാൻ പാടില്ല എന്നാണ്. ആ കാരണത്താൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വീഡിയോ ഫുട്ടേജ് ടിയാന് ലഭ്യമാക്കണമെന്ന ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന് കണ്ട് ഈ അപ്പീൽ ഹർജിയിലെ അനന്തര നടപടികൾ അവസാനിപ്പിക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
NAS


RIGHT TO INFORMATION